✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1132

# സൂറ - 39 / അസ്സുമർ

**സൂക്തം: 21 - 23**

ലൗകികമായതു മാത്രമേ ലൗകിക മനുഷ്യന് ഗോചരമാകൂ. അതുകൊണ്ടാണ് ഖുർആൻ മാനുഷിക രചനയാണെന്ന് വാദിച്ചവരെ, എങ്കിൽ അതുപോലൊന്ന് നിങ്ങൾ രചിച്ചുകാണിക്കൂ എന്ന് അതു വെല്ലുവിളിച്ചത്. എങ്കിലും വാക്കുകളുടെ അർഥസാന്ദ്രതയിലൂടെയും അനുഭൂതി സംക്രമണ ക്ഷമതയിലൂടെയും താളബദ്ധമായ സംഗീതാത്മകതയിലൂടെയും അതിന്റെ അലൗകികതയുടെ അനിഷേധ്യ ദൃഷ്ടാന്തങ്ങൾ അനുവാചകൻ അനുഭവിക്കുന്നു.

أَلَمْ تَرَ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَسَلَكَهُۥ يَنَٰبِيعَ فِى
ٱلْأَرْضِ ثُمَّ يُخْرِجُ بِهِۦ زَرْعًا مُّخْتَلِفًا أَلْوَٰنُهُۥ ثُمَّ يَهِيجُ فَتَرَىٰهُ
مُصْفَرًّا ثُمَّ يَجْعَلُهُۥ حُطَٰمًا ۚ إِنَّ فِى ذَٰلِكَ لَذِكْرَىٰ لِأُو۟لِى
ٱلْأَلْبَٰبِ ﴿٢١﴾

21. നീ കണ്ടിട്ടില്ലയോ, അല്ലാഹു വാനിൽനിന്ന് വെള്ളമിറക്കി ഭൂമിയിൽ നീർച്ചാലുകളൊഴുക്കിയത്? എന്നിട്ട് ആ ജലം കൊണ്ട് അവൻ വിവിധയിനങ്ങളായി കൃഷികൾ വളർത്തുന്നു. പിന്നെ ആ കൃഷിച്ചെടികൾ വാടി വിളറുന്നു. അപ്പോഴത് മഞ്ഞനിറമാർന്നതായി കാണാം. ഒടുവിൽ അവൻ അതിനെ ചവറാക്കി കളയുന്നു. സദ്ബുദ്ധിയുള്ളവർക്ക് തീർച്ചയായും അതിൽ വലിയ പാഠമുണ്ട്.

**21**

أَلَمْ تَرَ = നീ കണ്ടിട്ടില്ലയോ أَنَّ اللَّهَ أَنزَلَ مِنَ السَّمَاءِ مَاءً = അല്ലാഹു വാനിൽനിന്ന് വെള്ളമിറക്കി
فَسَلَكَهُ يَنَابِيعَ فِي الْأَرْضِ = എന്നിട്ട് അത് ഉറവകളായി (നീർച്ചാലുകളായി) ഭൂമിയിൽ സഞ്ചരിപ്പിച്ചു (ഒഴുക്കിയത്)
ثُمَّ يُخْرِجُ بِهِ = എന്നിട്ട് അവൻ അത് (ആ ജലം) കൊണ്ട് പുറപ്പെടുവിക്കുന്നു (വളർത്തുന്നു)
زَرْعًا = കൃഷി(കൾ) مُّخْتَلِفًا أَلْوَانُهُ = അതിന്റെ നിറങ്ങൾ വ്യത്യസ്തമായ (വിവിധയിനങ്ങളായിട്ട്)
ثُمَّ يَهِيجُ = പിന്നെ അത് (ആ കൃഷിച്ചെടികൾ വാടി) വിളറുന്നു فَتَرَاهُ = അപ്പോൾ നീ അതു കാണുന്നു (കാണാം)
مُصْفَرًّا = മഞ്ഞ(നിറം) ആർന്നതായിട്ട് ثُمَّ يَجْعَلُهُ = പിന്നെ (ഒടുവിൽ) അവനതിനെ ആക്കി(ക്കളയുന്നു)
حُطَامًا = ചവർ, ജീർണമായത് إِنَّ فِي ذَٰلِكَ لَذِكْرَىٰ = തീർച്ചയായും അതിൽ (വലിയ) പാഠമുണ്ട്
لِأُولِي الْأَلْبَابِ = സദ്ബുദ്ധിയുള്ളവർക്ക്

പ്രവാചകനെയും അദ്ദേഹം പ്രബോധനം ചെയ്യുന്ന ഖുർആനിനെയും നിഷേധിക്കുന്നവരെ അതിനു പ്രേരിപ്പിക്കുന്നത് അവർ അനുഭവിച്ചു വരുന്ന സുഖസൗകര്യങ്ങൾ നിലനിർത്താനും വികസിപ്പിക്കാനും കഴിയുക നിലവിലുള്ള ജീവിതക്രമം തുടരുന്നതിലൂടെയാണ് എന്ന വിചാരമാണ്. ഈ സൗഭാഗ്യങ്ങൾ എന്നും വളർന്നുകൊണ്ടേയിരിക്കും എന്നാണവരുടെ ധാരണ. പ്രകൃതിയിൽ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന സൃഷ്ടിസ്ഥിതിസംഹാരങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അത്തരക്കാരുടെ ശ്രദ്ധ ഭൗതിക ജീവിതത്തിന്റെ ക്ഷണികതയിലേക്കും ക്ഷുദ്രതയിലേക്കും

ക്ഷണിക്കുകയാണ്. അല്ലാഹു മാനത്തുനിന്ന് മഴ വർഷിക്കുന്നതു കണ്ടിട്ടില്ലേ? എന്നിട്ടാ ജലം പല നീർച്ചാലുകളാക്കി ഭൂമിയുടെ നാനാഭാഗങ്ങളിലേക്കൊഴുക്കുന്നു. نبع-ന്റെ ഭേദരൂപമായ ينبوع-ന്റെ ബഹുവചനമാണ് يَنَابِيع. ഭൂമിക്കടിയിലെ ഉറവകളും മുകളിലെ നദികളും മറ്റു നീർച്ചാലുകളുമെല്ലാം يَنَابِيع-ൽ പെടുന്നു. അങ്ങനെ വ്യാപരിക്കുന്ന ജലം വിവിധയിനം കൃഷികൾ മുളപ്പിക്കുന്നു. വിളകൾ പാകമാകുമ്പോൾ നിങ്ങളതു കൊയ്തെടുക്കുന്നു. അതോടെ ധാന്യച്ചെടിയുടെ ധർമം അവസാനിച്ചു. പിന്നെ അതുണങ്ങിത്തുടങ്ങുന്നു. അതിന്റെ പച്ചപ്പ് മാഞ്ഞുപോയി പകരം മഞ്ഞനിറമാർന്ന വയ്ക്കോലാകുന്നതു കാണാം. പിന്നീടത് ചപ്പുചവറായി ജീർണിച്ചുപോകുന്നു. ഈ പ്രക്രിയയിലെ ഓരോ ഘട്ടത്തെക്കുറിച്ചും ആലോചിച്ചുനോക്കുക. എല്ലാം ക്ഷണികമാണ്. ഓരോ ദശയും അടുത്ത ദശക്കായി മാറിക്കൊടുക്കുന്നു. എല്ലാ വസ്തുക്കളും പൂർണതയിലെത്തിയാൽ പിന്നെ അവരോഹണ ദശയിലേക്ക് മാറുന്നു. ഒടുവിൽ പഴയപോലെ ശൂന്യതയിൽ ലയിക്കുന്നു. ഇമാം അലി (റ) പാടുകയുണ്ടായി:

اِذَا تَمَّ شَيْئٌ بَدَاَ نَقْصُهُ      تَرَقَّبْ زَوَالًا إِذَا قِيلَ تَمَّ

(ഒരു സംഗതി പൂർണമായാൽ പിന്നെ അതിന്റെ ന്യൂനീകരണം വെളിവാക്കപ്പെടുകയായി അതിനാൽ പൂർണമായെന്നു കേട്ടാൽ തിരോധാനം പ്രതീക്ഷിച്ചുകൊള്ളുക).

സൂക്തം സദ്ബുദ്ധികളെ പഠിപ്പിക്കുന്നത് പ്രധാനമായും മൂന്നു പാഠങ്ങളാണ്. ഭൗതിക ജീവിതത്തിന്റെ പകിട്ടിലും പ്രതാപത്തിലും വീണു പോകരുത്. ഭൗതിക സൗഭാഗ്യങ്ങളേക്കാൾ പ്രധാനമായി കാണേണ്ടത് നിങ്ങൾക്ക് ജീവിതവും ആ സൗഭാഗ്യങ്ങളും നൽകിയ സ്രഷ്ടാവിനെയാണ്. 2) നിങ്ങളെ സൃഷ്ടിക്കുകയും നിങ്ങളുടെ പരിപാലനാർഥം ഇത്രയും മികച്ച പ്രകൃതി വ്യവസ്ഥ സംവിധാനിക്കുകയും ചെയ്തിരിക്കുന്നുവെന്നതിന്റെ സ്വാഭാവികമായ താൽപര്യമാണ് ആ സ്രഷ്ടാവിനോട് നിങ്ങൾക്ക് നന്ദിയും കൂറും ഉണ്ടായിരിക്കുക എന്നതും അവന്റെ അനുഗ്രഹങ്ങളെ മറ്റാരിലെങ്കിലും ആരോപിച്ച് നന്ദിയും കൂറും അവരിലേക്കു തിരിച്ചുവിടാതിരിക്കുക എന്നതും. 3) ആകാശഭൂമികളുടെയും അവക്കിടയിലുള്ള സകലതിന്റെയും പ്രവർത്തനം മനുഷ്യജീവിതം സാധ്യമാക്കുന്ന വിധത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന സ്രഷ്ടാവിന്, മനുഷ്യൻ ആ ജീവിതം എങ്ങനെ ജീവിച്ചു തീർത്തു എന്നു പരിശോധിക്കുന്ന ഒരവസരം വരാതിരിക്കില്ല. അന്ന് ഓരോ മനുഷ്യനും അവന്റെ മുമ്പിൽ സ്വന്തം ജീവിതത്തിന്റെ കണക്കു ബോധിപ്പിക്കേണ്ടി വരും. ഖുർആൻ 18:45-ലും സസ്യങ്ങളുടെ മുളച്ചു പൊങ്ങലിനെയും കരിഞ്ഞുപോക്കിനെയും ഭൗതികജീവിതത്തോട് ഉപമിച്ചിട്ടുണ്ട്. ●

---

أَفَمَن شَرَحَ ٱللَّهُ صَدْرَهُۥ لِلْإِسْلَٰمِ فَهُوَ عَلَىٰ نُورٍ مِّن رَّبِّهِۦ ۚ فَوَيْلٌ لِّلْقَٰسِيَةِ قُلُوبُهُم مِّن ذِكْرِ ٱللَّهِ ۚ أُو۟لَٰٓئِكَ فِى ضَلَٰلٍ مُّبِينٍ ﴿٢٢﴾

22. അല്ലാഹു ഇസ്‌ലാമിനു വേണ്ടി ഹൃദയം വികസിപ്പിച്ചുകൊടുത്തവൻ, അതിനാൽ തന്റെ നാഥങ്കൽനിന്നുള്ള വെളിച്ചത്തിൽ സഞ്ചരിക്കുന്നവൻ; അതിനുനേരെ ഹൃദയം കടുത്തവനെപ്പോലെയാണോ? അല്ലാഹുവിന്റെ ഉദ്ബോധനത്തോട് മനസ്സ് കടുത്തവർക്ക് മഹാനാശം. അവർ തെളിഞ്ഞ മാർഗഭ്രംശത്തിലാകുന്നു.

**22**

أَفَمَن شَرَحَ اللَّهُ صَدْرَهُ لِلْإِسْلَامِ = അല്ലാഹു ഇസ്‌ലാമിനു വേണ്ടി മാറിടം (ഹൃദയം) വികസിപ്പിച്ചുകൊടുത്തവൻ

فَهُوَ عَلَىٰ نُورٍ مِّن رَّبِّهِ = അതിനാൽ അവൻ തന്റെ നാഥങ്കൽനിന്നുള്ള വെളിച്ചത്തിലാകുന്നു (ത്തിൽ സഞ്ചരിക്കുന്നവൻ

(അതിനുനേരെ മനസ്സ് കടുത്തവനെ പോലെയാണോ)

فَوَيْلٌ لِّلْقَاسِيَةِ قُلُوبُهُم = തങ്ങളുടെ ഹൃദയം കടുത്തവർക്ക് (മഹാ) നാശമുണ്ട്

مِّن ذِكْرِ اللَّهِ = അല്ലാഹുവിന്റെ ഉദ്ബോധനത്തോട് أُولَٰئِكَ = അവർ فِي ضَلَالٍ مُّبِينٍ = തെളിഞ്ഞ മാർഗഭ്രംശത്തിലാകുന്നു

നരകത്തിൽ പതിച്ചവരെ പ്രവാചകന് രക്ഷിക്കാനാവില്ല എന്ന് 19-ാം സൂക്തത്തിൽ പ്രസ്താവിച്ചിട്ടുള്ളതിന്റെ അനുബന്ധമാണിത്. രക്ഷാ മാർഗങ്ങളുണ്ടായാലും രക്ഷപ്പെടാൻ യോഗ്യതയുള്ളവരേ രക്ഷപ്പെടൂ. മറ്റുള്ളവർക്ക് രക്ഷിക്കാൻ കഴിയുന്നതും അവരെയാണ്. ഫലപുഷ്ഠമായ മണ്ണിലും പാറപ്പുറങ്ങൾ മഴവെള്ളം ഉൾക്കൊള്ളുന്നില്ല. അവയിൽ വീഴുന്ന വെള്ളം മുഴുവൻ പുറത്തേക്കൊലിച്ചുപോകുന്നു. വളക്കൂറുള്ള മണ്ണ് മഴവെള്ളം ഉൾക്കൊള്ളുന്നതുപോലെ സത്യധർമങ്ങൾ സ്വീകരിക്കാൻ യോഗ്യമായ മനസ്സുകൾ പ്രവാചകനിലൂടെ പെയ്തിറങ്ങുന്ന സന്മാർഗ സന്ദേശങ്ങൾ ഉൾക്കൊള്ളുന്നു. ഈ യോഗ്യതയെ شَرَحَ اللَّهُ صَدْرَهُ- അല്ലാഹു മാറിടം തുറന്നുകൊടുത്തവൻ- എന്നാണ് വർണിച്ചിരിക്കുന്നത്. വിശദീകരണം, വ്യാഖ്യാനം, അപഗ്രഥനം എന്നും തുറസ്സ്, വിശാലത, വികസനം എന്നും شرح-ന് അർഥമുണ്ട്. شَرح العقائد വിശ്വാസകാര്യങ്ങളുടെ വിശദീകരണം. شرح الْجُثَّة പ്രേതപരിശോധന (പോസ്റ്റുമോർട്ടം). شرح الصدر വിശാലമനസ്കതയാണ്. ഒരു കാര്യം സ്വീകരിക്കാൻ സന്നദ്ധനാകുന്നതിനും പറഞ്ഞു ബോധ്യപ്പെടുത്തുന്നതിനും شرح صدره لِلْأَمْر എന്നു പറയുന്നു. ഇസ്‌ലാം സ്വീകരിക്കൽ - ജീവിതം ജീവദാതാവിന്റെ പ്രീതിക്കു സമർപ്പിക്കാൻ ഉള്ള സന്മനസ്സ് ഒരു ദൈവാനുഗ്രഹമാണെന്ന് സൂചിപ്പിക്കുന്നതാണ് شرح الله صدره للاسلام എന്ന പ്രയോഗം. അല്ലാഹു മനുഷ്യപ്രകൃതിയിൽ ഉൾച്ചേർത്തിട്ടുള്ള മൗലികമായ ധർമബോധം സജീവമാകുന്നതിലൂടെയാണ് ഈ അനുഗ്രഹം സഫലമാകുന്നത്. فَمَن يُرِدِ اللَّهُ أَن يَهْدِيَهُ يَشْرَحْ صَدْرَهُ لِلْإِسْلَامِ (അല്ലാഹു ഒരുവനെ സന്മാർഗദർശനം ചെയ്യാൻ ഉദ്ദേശിച്ചാൽ അവന്റെ ഹൃദയം ഇസ്‌ലാമിനു വേണ്ടി തുറന്നുകൊടുക്കുന്നു) എന്ന് 6:125-ലും പറയുന്നുണ്ട്.

മുസ്‌ലിം ആകുന്നവന് അതോടെ വിധാതാവിങ്കൽനിന്ന് ഒരു വെളിച്ചം ലഭിക്കുകയാണ്. തന്റെ ലക്ഷ്യമെന്തെന്നും അതിലേക്കുള്ള മാർഗമേതെന്നും ആ വെളിച്ചത്തിൽ

വ്യക്തമായിക്കാണാം. അവൻ ജീവിതത്തിന്റെ ഓരോ ചുവടും വെക്കുന്നത് ആ വെളിച്ചത്തിലായിരിക്കും. മുസ്‌ലിം മാതാപിതാക്കൾക്കു ജനിച്ചതുകൊണ്ടുമാത്രം മുസ്‌ലിമായിത്തീർന്നവരെ കുറിച്ചല്ല ഇപ്പറയുന്നത്; ഹൃദയം തുറന്ന് ബോധപൂർവം ഇസ്‌ലാം സ്വീകരിച്ചവരെ കുറിച്ചാണ്. 6:122-ൽ പറയുന്നു:

أَوَمَن كَانَ مَيْتًا فَأَحْيَيْنَاهُ وَجَعَلْنَا لَهُ نُورًا يَمْشِي بِهِ فِي النَّاسِ كَمَن مَّثَلُهُ فِي الظُّلُمَاتِ لَيْسَ بِخَارِجٍ مِّنْهَا

(നിർജീവനായിരിക്കെ നാം സജീവനാക്കുകയും എന്നിട്ട് ജനത്തിനിടയിൽ നടക്കാൻ ഒരു വെളിച്ചമുണ്ടാക്കിക്കൊടുക്കുകയും ചെയ്തവൻ അന്ധകാരങ്ങളിൽ ആണ്ടു കിടക്കുന്നവനെപ്പോലെയാണെന്നോ? അവൻ അതിൽനിന്ന് പുറത്തു കടക്കുകയേ ഇല്ല). നാം പഠിക്കുന്ന സൂക്തത്തിലെ أَفَمَن-അവനാണോ- എന്ന ചോദ്യത്തിന്റെ പൂരകം കൂടിയാണ് ഈ സൂക്തത്തിലെ ....كَمَن എന്നു തുടങ്ങുന്ന വാക്യം. ഇതേ പൂരകത്തിന്റെ മറ്റൊരു രൂപമാണ് ...فَوَيْلٌ എന്നു തുടങ്ങുന്ന വാക്യവും. ذِكْرِ اللَّهِ ദൈവസ്മരണക്കും അല്ലാഹുവിങ്കൽനിന്നുള്ള ഉദ്ബോധനത്തിനും(تذكير الله) പറയുന്ന വാക്കാണ്. ഇവിടെ ഉദ്ദേശ്യം تذكير الله ആകുന്നു. ذكر-നെ സ്മരണ, സംസാരം എന്ന അർഥത്തിലെടുത്ത് അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയും സംസാരവും എന്നും ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. കടുപ്പവും പാരുഷ്യവുമാണ് قَسْوَة. വിട്ടുവീഴ്ചയും ദാക്ഷിണ്യവുമില്ലാതെ, മറുപക്ഷത്തിന് ചെവികൊടുക്കാതെ സ്വന്തം നിലപാടിൽ ശഠിച്ചു നിൽക്കുന്ന മാനസികാവസ്ഥയെ قسوة القلب എന്നു പറയുന്നു. അതിൽനിന്നുള്ള കർതൃവചനമാണ് قاسية القلوب. അത്തരം മനസ്സുകളിലേക്ക് ദൈവിക സൂക്തങ്ങൾ കടന്നു ചെല്ലുകയില്ല, അവ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും തന്നെ ആണ്ടുകിടക്കും. ●

---

اللَّهُ نَزَّلَ أَحْسَنَ الْحَدِيثِ كِتَابًا مُّتَشَابِهًا مَّثَانِيَ تَقْشَعِرُّ مِنْهُ جُلُودُ الَّذِينَ يَخْشَوْنَ رَبَّهُمْ ثُمَّ تَلِينُ جُلُودُهُمْ وَقُلُوبُهُمْ إِلَىٰ ذِكْرِ اللَّهِ ۚ ذَٰلِكَ هُدَى اللَّهِ يَهْدِي بِهِ مَن يَشَاءُ ۚ وَمَن يُضْلِلِ اللَّهُ فَمَا لَهُ مِنْ هَادٍ ﴿٢٣﴾

23. അല്ലാഹു അവതരിപ്പിച്ചിട്ടുള്ളത് വിശിഷ്ട ഭാഷണമത്രെ. ഘടകങ്ങളൊക്കെയും പരസ്പരം സമരസപ്പെട്ട് ആവർത്തിച്ചുറപ്പിക്കുന്ന വേദം. വിധാതാവിനെ ഭയപ്പെടുന്നവർ അതിന്റെ പാരായണത്താൽ രോമാഞ്ചമണിയുന്നു. പിന്നെ അവരുടെ ശരീരവും മനസ്സും തരളിതമായി ദൈവവിചാരത്തിൽ അലിയുന്നു. ഇതത്രെ അല്ലാഹുവിങ്കൽ നിന്നുള്ള സന്മാർഗലബ്ധി. ഈ ഖുർആൻ കൊണ്ട് അവൻ സന്മാർഗദർശനമരുളുന്നു. അവൻ വഴിതെറ്റിച്ചവനെ പിന്നെ മാർഗദർശനം ചെയ്യാനാരുമില്ല.

**23**

اللَّهُ نَزَّلَ أَحْسَنَ الْحَدِيثِ = അല്ലാഹു അവതരിപ്പിച്ചു(ച്ചിട്ടുള്ളത്) ഏറെ നല്ല വർത്തമാനം (വിശിഷ്ട ഭാഷണമത്രെ)

كِتَابًا مُّتَشَابِهًا مَّثَانِيَ = പരസ്പരസദൃശവും ആവർത്തിക്കുന്നതുമായ ഗ്രന്ഥം (ഘടകങ്ങളൊക്കെയും പരസ്പരം സമരസപ്പെട്ട് ആവർത്തിച്ചുറപ്പിക്കുന്ന വേദം)

تَقْشَعِرُّ مِنْهُ جُلُودُ = അതിനാൽ ചർമങ്ങൾ വിറകൊള്ളുന്നു (അതിന്റെ പാരായണത്താൽ രോമാഞ്ചമണിയുന്നു)

الَّذِينَ يَخْشَوْنَ رَبَّهُمْ = തങ്ങളുടെ വിധാതാവിനെ ഭയപ്പെടുന്നവ(ർ)രുടെ ثُمَّ تَلِينُ = പിന്നെ മൃദുലമാകുന്നു (തരളിതമായി)

جُلُودُهُمْ = അവരുടെ ചർമങ്ങൾ (ശരീരവും) وَقُلُوبُهُمْ = അവരുടെ മനസ്സു(ും)കളും

إِلَىٰ ذِكْرِ اللَّهِ = അല്ലാഹുവിന്റെ സ്മരണയിലേക്ക് (ദൈവവിചാരത്തിൽ അലിയുന്നു)

ذَٰلِكَ هُدَى اللَّهِ = അ(ഇ)തത്രെ അല്ലാഹുവിന്റെ (ഹുവിങ്കൽനിന്നുള്ള) സന്മാർഗം (ലബ്ധി)

يَهْدِي بِهِ = അവൻ അതുകൊണ്ട് (ഈ ഖുർആൻ കൊണ്ട്) മാർഗദർശനമരുളുന്നു

مَن يَشَاءُ = അവൻ ഇഛിക്കുന്നവരെ وَمَن يُضْلِلِ اللَّهُ = അല്ലാഹു വഴിതെറ്റിച്ചവൻ(നെ)

فَمَا لَهُ = പിന്നെ അവന് ഇല്ല مِنْ هَادٍ = മാർഗദർശനം ചെയ്യുന്നവനായി (ചെയ്യാൻ ആരും)

അന്ധവിശ്വാസങ്ങളിൽ ശഠിച്ചു നിൽക്കാതെ തുറന്ന മനസ്സോടെ ഇസ്‌ലാമിനെ ഉൾക്കൊണ്ടവർക്കു വെളിച്ചമാകുന്ന ഈ ഖുർആൻ അനായാസം ഗ്രഹിക്കാവുന്ന ലളിതസുന്ദര വചനങ്ങളാണ്. വിശ്വാസികളുടെ ദൃഷ്ടിയിൽ സൃഷ്ടികൾക്ക് ജീവിതമരുളിയ അല്ലാഹു തന്നെ അവർ ആ ജീവിതം എങ്ങനെ ഉപയോഗിക്കണമെന്ന് വിശദീകരിച്ചുകൊണ്ട് നൽകിയ മാന്വലാണത്. ഉൽപാദകന്റെ മാന്വൽ അവഗണിച്ച് ഉപയോഗിച്ചാൽ ഉൽപന്നം അതിന്റെ ലക്ഷ്യത്തിലെത്താതെ കേടാകുമെന്നതിൽ തർക്കമില്ലല്ലോ.

ഖുർആനിന്റെ അഞ്ച് സവിശേഷതകൾ പറയുകയാണീ സൂക്തം: 1) അതിന്റെ പ്രതിപാദനം أَحْسَنَ الْحَدِيثِ-അതിവിശിഷ്ട വചനങ്ങളായിട്ടാകുന്നു. ഈ വൈശിഷ്ട്യത്തിന് മൂന്നു തലമുണ്ട്: 1) ആശയഗാംഭീര്യം. മർത്യജീവിതത്തിന്റെ അർഥം, ലക്ഷ്യം, ലക്ഷ്യത്തിലേക്കുള്ള മാർഗം എന്നീ നിർണായകമായ വിഷയങ്ങളാണിതിന്റെ ഉള്ളടക്കം. 2) ലാളിത്യം. സുവ്യക്തവും സുപരിചിതവുമായ വാക്കുകളിലാണത് പ്രമേയങ്ങൾ അവതരിപ്പിക്കുന്നത്. അതിന്റെ ഭാഷ അതിനു മാത്രമായി ഉണ്ടാക്കപ്പെട്ടതല്ല, മൃതഭാഷയുമല്ല. അന്നും ഇന്നും സാമാന്യ ജനങ്ങൾ സംസാരിച്ചുവരുന്നതാണ് അറബി ഭാഷ. ഖുർആൻ അവതരിച്ച ശേഷം കഴിഞ്ഞ ഒന്നര സഹസ്രാബ്ദത്തിനിടയിൽ അറബി ഭാഷക്ക് പലവിധ പരിണാമ വികാസങ്ങളുണ്ടായി. ആ പ്രക്രിയ ഇപ്പോഴും തുടരുന്നു. അതൊന്നും പക്ഷേ,

**പ്രധാന സെമിറ്റിക് മതങ്ങളായ ഇസ്‌ലാമും ക്രിസ്തുമതവും തമ്മിലുള്ള ആശയപരമായ ബന്ധവും ബന്ധമില്ലായ്മയും ആഴത്തിൽ മനസ്സിലാക്കാൻ....**

**ജൂതമതവും ക്രിസ്തുമതവും**
അബുൽഅഅ്‌ലാ മൗദൂദി
മൊഴിമാറ്റം: റഫീഖുർറഹ്മാൻ മൂഴിക്കൽ







**യേശുവിനെ സ്നേഹിച്ച് ഞാൻ ഇസ്‌ലാമിലെത്തി**
സൈമൺ ആൾഫ്രഡൊ കാരബല്ലോ
മൊഴിമാറ്റം: അശ്റഫ് കീഴുപറമ്പ്

**ക്രൈസ്തവതയുടെ വർത്തമാനം**
ഡോ. ഇ.എം. സക്കീർ ഹുസൈൻ







**യെരുശലേമിന്റെ സുവിശേഷം**
ഡോ. ഇ.എം. സക്കീർ ഹുസൈൻ

**ബൈബിളും ഖുർആനും**
ഇ.സി. സൈമൺ മാസ്റ്റർ







**യേശു ഖുർആനിൽ**
ശൈഖ് മുഹമ്മദ് കാരകുന്ന്

**തീഥേ മൽകൂതാക് നിന്റെ രാജ്യം വരേണമേ**
ഡോ. ഇ.എം. സക്കീർ ഹുസൈൻ







**യേശുവിന്റെ പിൻഗാമി**
ഇ.സി. സൈമൺ മാസ്റ്റർ

**യേശുവും മർയമും ബൈബിളിലും ഖുർആനിലും**
ഇ.സി. സൈമൺ മാസ്റ്റർ







**മുഹമ്മദ് നബി ബൈബിളിൽ**
ഫാദർ ബെഞ്ചമിൻ കെൽദാനി
മൊഴിമാറ്റം: കെ.എ. ഖാദർ ഫൈസി

IPH BOOKS
iphbooks.com
Available on Kindle
പുസ്തകം വീട്ടിലെത്താൻ
9544 299 877
Download e-Book

ഖുർആനിന്റെ ലാളിത്യത്തെയോ സംവേദനക്ഷമതയെയോ തെല്ലും ബാധിച്ചിട്ടില്ല. ഒരു ഖുർആൻ സൂക്തം കേൾക്കുന്ന 6-ാം നൂറ്റാണ്ടിലെ കാട്ടറബി മനസ്സിലാക്കിയിരുന്ന ആശയം തന്നെ 21-ാം നൂറ്റാണ്ടിലെ നാഗരികനും മനസ്സിലാക്കുന്നു. 3) അലൗകികത, അമാനുഷികത. അലൗകികത എന്തൊക്കെയാണെന്ന് ലൗകിക മനുഷ്യന് തൊട്ടുകാണിക്കുക സാധ്യമല്ല. ലൗകികമായതു മാത്രമേ ലൗകിക മനുഷ്യന് ഗോചരമാകൂ. അതുകൊണ്ടാണ് ഖുർആൻ മാനുഷിക രചനയാണെന്ന് വാദിച്ചവരെ, എങ്കിൽ അതുപോലൊന്ന് നിങ്ങൾ രചിച്ചുകാണിക്കൂ എന്ന് അതു വെല്ലുവിളിച്ചത്. എങ്കിലും വാക്കുകളുടെ അർഥസാന്ദ്രതയിലൂടെയും അനുഭൂതി സംക്രമണ ക്ഷമതയിലൂടെയും താളബദ്ധമായ സംഗീതാത്മകതയിലൂടെയും അതിന്റെ അലൗകികതയുടെ അനിഷേധ്യ ദൃഷ്ടാന്തങ്ങൾ അനുവാചകൻ അനുഭവിക്കുന്നു.

രണ്ട്, ഖുർആൻ متشابه ആകുന്നു. പരസ്പരം സദൃശമായതാണ് ഭാഷയിൽ متشابه ഖുർആൻ ഈ പദം രണ്ടർഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. അജ്ഞേയമായ കാര്യങ്ങൾ അവയോട് സാദൃശ്യമുള്ള ജ്ഞേയമായ കാര്യങ്ങൾ വിനിമയം ചെയ്യാൻ ഭൗതിക ഭാഷയിൽ ഉപയോഗിക്കുന്ന വാക്കുകളിൽ അവതരിപ്പിക്കുന്ന സദൃശ വചനങ്ങൾ. അത്തരം കുറേവചനങ്ങൾ ഖുർആനിൽ ഉണ്ട്. مِنْهُ آيَاتٌ مُّحْكَمَاتٌ هُنَّ أُمُّ الْكِتَابِ وَأُخَرُ مُتَشَابِهَاتٌ (അതിൽ സുവ്യക്തമായ സൂക്തങ്ങളുണ്ട്. അതാണ് വേദത്തിന്റെ മുഖ്യഘടകം. വേറെ ചില അവ്യക്തങ്ങളായ സദൃശ വചനങ്ങളുമുണ്ട്) എന്ന് 3:7-ൽ പ്രസ്താവിച്ചിരിക്കുന്നു. പ്രമേയത്തിലും ശൈലിയിലും ഒന്നിനൊന്ന് പൂരകമായും വിശദീകരണമായും പരസ്പരം സമരസപ്പെട്ട് ചേർന്നു നിൽക്കുന്ന സൂക്തങ്ങൾ ആണ് രണ്ടാമത്തെ അർഥത്തിൽ متشابه . ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് രണ്ടാമത്തെ അർഥമാണ്. ഖുർആനിൽ വൈരുധ്യങ്ങളില്ല, ദുരൂഹതകളില്ല. പ്രമേയങ്ങളിലും പ്രതിപാദനത്തിലും അതുല്യമായ ഏകതാനതയും സമഗ്രതയും കാണാം. ഇതും ഖുർആന്റെ അലൗകികതയുടെ അടയാളമാകുന്നു. وَلَوْ كَانَ مِنْ عِندِ غَيْرِ اللَّهِ لَوَجَدُوا فِيهِ اخْتِلَافًا كَثِيرًا (പ്രവാചകൻ പറയുക: ഈ ഖുർആൻ അല്ലാഹുവല്ലാത്തവർ അവതരിപ്പിച്ചതാണെങ്കിൽ അവരതിൽ ധാരാളം വൈരുധ്യങ്ങൾ കാണുമായിരുന്നു -4:82). ഖുർആനിന്റെ ഏതു ഭാഗമെടുത്തു വായിച്ചു നോക്കിയാലും ഖുർആൻ മുന്നോട്ടുവെക്കുന്ന മൗലിക തത്ത്വങ്ങളും ധർമങ്ങളും വ്യക്തമായോ വ്യംഗ്യമായോ ആ ഭാഗം ഉൾക്കൊള്ളുന്നുണ്ടാകും. പ്രാരംഭ സൂറയായ *അൽഫാതിഹ*യുടെ ഏഴു സൂക്തങ്ങളുടെ ആശയം വ്യത്യസ്തമായ രൂപത്തിൽ അവസാന സൂറയായ *അന്നാസി*ലെ ആറു സൂക്തങ്ങളും ഉൾക്കൊള്ളുന്നതായി കാണാം. ഒരു സൂക്തത്തിന്റെ ആശയം അവ്യക്തമായി തോന്നുന്നുവെങ്കിൽ മറ്റു സൂക്തങ്ങൾ അതു വിശദീകരിക്കുന്നുണ്ടാകും. ഒരു സൂക്തത്തിന്റെ പരോക്ഷമായ അർഥങ്ങൾ മറ്റു സൂക്തങ്ങൾ പ്രത്യക്ഷമാക്കുന്നു - القرآن يفسر بعضه بعضا.

ഖുർആൻ مثاني ആകുന്നു എന്നതാണ് മൂന്നാമത്തെ സവിശേഷത. ആവർത്തിച്ചു വായിക്കുന്നതിനും ആവർത്തിച്ച് എഴുതപ്പെടുന്നതിനും مثاني എന്നു പറയും. ഏറ്റവുമധികം ആവർത്തിച്ചു പാരായണം ചെയ്യപ്പെടുന്ന, ഏഴു സൂക്തങ്ങളുള്ള സൂറ *അൽഫാതിഹ*യെ سبع المثاني-ആവർത്തിച്ചോതുന്ന സപ്ത സൂക്തങ്ങൾ- എന്നും പറയും. ഒരേ പ്രമേയം പല രൂപത്തിൽ ആവർത്തിച്ച് അവതരിപ്പിക്കുകയാണ് രണ്ടാമത്തെ അർഥത്തിലുള്ള مثاني. രണ്ടർഥത്തിലും ഖുർആൻ مثاني ആകുന്നു. നമസ്കാരത്തിലും അല്ലാത്തപ്പോഴുമായി വിശ്വാസി നിത്യവും പാരായണം ചെയ്യേണ്ടതാണത്. ഓരോ വായനയും വായനക്കാരന്റെ മനസ്സിനെ കൂടുതൽ വിമലീകരിക്കുകയും പ്രകാശിതമാക്കുകയും ചെയ്തുകൊണ്ടിരിക്കും. ഓരോ ഭാഗവും വായിക്കുമ്പോൾ നേരത്തേ വായിച്ച ഭാഗങ്ങളിൽ അവതരിപ്പിച്ച വിഷയം തന്നെ വ്യത്യസ്തമായ ശൈലിയിൽ - ചിലപ്പോൾ അതേ വാക്കുകളിൽ തന്നെ- അവതരിപ്പിക്കുന്നതു കാണാം. അപ്പോൾ അതിന് ആ സന്ദർഭവുമായി ബന്ധപ്പെട്ട അർഥങ്ങളുണ്ടായിരിക്കും.

വചനങ്ങളുടെ ആവർത്തനവും വായനയുടെ ആവർത്തനവും വിശ്വാസികളെ മുഷിപ്പിക്കുന്നില്ല എന്നതും ഖുർആന്റെ എടുത്തോതേണ്ട സവിശേഷതയാണ്. പലർക്കും വായിക്കുംതോറും കൂടുതൽ വായിക്കാനുള്ള താൽപര്യം വർധിക്കുന്നു. ഈ സവിശേഷത ഖുർആൻ ഹൃദിസ്ഥമാക്കുന്നത് അനായാസമാക്കുന്നു. അതുകൊണ്ട് ഖുർആൻ മുഴുവൻ മനഃപാഠമാക്കിയവർ-حُفَّاظ القُرآن സമുദായത്തിൽ ധാരാളം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത്രയേറെ ഹൃദിസ്ഥമാക്കപ്പെടുന്ന മറ്റൊരു വേദഗ്രന്ഥം ലോകത്തില്ല. ഒറ്റയിരുപ്പിൽ നാൽപതോ അമ്പതോ 'ഫാതിഹ' ഓതാൻ ഒരു വിശ്വാസിക്ക് ഒട്ടും പ്രയാസമുണ്ടാവില്ല. എന്നാൽ അതിന്റെ പരിഭാഷ പത്തുവട്ടം വായിക്കുമ്പോഴേക്കും അയാൾ ചടയ്ക്കും. കാരണം പരിഭാഷ ഖുർആൻ അല്ല. അറബി ഭാഷയിലുള്ളതാണ് ഖുർആൻ. അതാണ് مثاني. ഖുർആൻ അതിന്റെ മൗലിക പ്രമേയങ്ങൾ ആവർത്തിച്ചുറപ്പിക്കുന്നുവെന്നത് അടിസ്ഥാന തത്ത്വങ്ങൾ അട്ടിമറിക്കപ്പെടുന്നതിൽനിന്ന് ഇസ്‌ലാം രക്ഷപ്പെട്ടു നിൽക്കുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നാകുന്നു. ഉദാഹരണമായി ഖുർആന്റെ എല്ലാ മാനങ്ങളിലും തുളുമ്പി നിൽക്കുന്ന ആശയമാണ് തൗഹീദും ശിർക്ക് വിമർശനവും. ബഹുദൈവത്വത്തോട് സമരസപ്പെടുന്ന യാതൊന്നും എവിടെയുമില്ല. ഇത് ഇങ്ങനെയല്ലായിരുന്നുവെങ്കിൽ മറ്റു മതങ്ങളെപ്പോലെ ഇസ്‌ലാമിലെ തൗഹീദും, ബഹുദൈവത്വവും 'ബഹു ഏകത്വ'വുമൊക്കെയായി മാറ്റപ്പെടുമായിരുന്നു. ഇസ്‌ലാമിനെ ബഹുദൈവത്വവൽക്കരിക്കാൻ തൽപര കക്ഷികൾ ശ്രമിക്കുന്നുണ്ടെങ്കിലും ഖുർആൻ നിലനിൽക്കുന്നിടത്തോളം കാലം അവർക്ക് വിജയിക്കാനാവില്ല.

മനസ്സറിഞ്ഞ് ഖുർആൻ പാരായണം ചെയ്യുമ്പോൾ, അല്ലാഹുവിന്റെ മഹത്വത്തോടുള്ള ഭക്തിയാലും അവന്റെ അജയ്യശക്തിയോടുള്ള ഭയത്താലും വിശ്വാസിക്ക് രോമാഞ്ചമുണ്ടാകുന്നു. ചർമം വിറകൊള്ളുന്നു എന്നാണ് تَقْشَعِرُّ مِنْهُ جُلُودُ -ന്റെ ഭാഷാർഥം. ചർമത്തിന്റെ വിറകൊള്ളൽ രോമാഞ്ചമായിട്ടാണ് പൊതുവിൽ പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുള്ളത്. അതു പുളകത്താലുള്ള രോമാഞ്ചമല്ല, ഭയത്താലും ഭക്തിയാലും ആ വചനങ്ങൾ പ്രസരിക്കുന്ന സത്യത്തിന്റെ ചൈതന്യത്താലുമുണ്ടാകുന്ന രോമാഞ്ചമാണ്. പിന്നെ ആ ചർമങ്ങൾ ദൈവവിചാരത്തിലേക്ക് തരളമാകുന്നു. لِين (തരളത, മൃദുലത)-ൽനിന്നുള്ള വർത്തമാന ക്രിയയാണ് تَلِينُ. ചില വ്യാഖ്യാതാക്കൾ ഈ പദത്തിനു ചായുന്നു എന്നാണർഥം കൽപിക്കുന്നത്. ചർമങ്ങളും ഹൃദയങ്ങളും ദൈവസ്മരണയിലേക്കു ചായുന്നു -تَمِيل- എന്നാകും അപ്പോൾ അർഥം. താൽപര്യമിതാണ്: അല്ലാഹുവിന്റെ വചനങ്ങളാകുന്നു എന്ന ഉത്തമ ബോധ്യത്തോടെ ഖുർആൻ പാരായണം ചെയ്യുന്ന വിശ്വാസികളുടെ രോമങ്ങൾ ദൈവഭയത്താൽ എഴുന്നേറ്റു നിൽക്കുകയും പിന്നെ തളരിതമാവുകയും മനസ്സും ശരീരവും ദൈവവിചാരത്തിൽ അലിഞ്ഞുചേരുകയും ചെയ്യുന്ന, ഉദാത്തവും പവിത്രവുമായ ഒരനുഭൂതിയിലേക്ക് നയിക്കപ്പെടുന്നു. അല്ലാഹുവിങ്കൽനിന്ന് ലഭിക്കുന്ന സന്മാർഗപ്രകാശമാണത്. അവനിഛിക്കുന്നവർക്ക് ആ പ്രകാശം ലഭിക്കുന്നു. അല്ലാഹു വഴിതെറ്റിച്ചവരെ സന്മാർഗദർശനം ചെയ്യാൻ ആരുമില്ല. അല്ലാഹു സന്മാർഗം ഇഛിക്കുന്നതാർക്കാണെന്നും വിലക്കുന്നതാർക്കാണെന്നും നേരത്തേ 18-ാം സൂക്തത്തിനു താഴെ ചർച്ച ചെയ്തിരിക്കുന്നു. ●